## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3421 16/12/2015-ൽ മറുപടിയ്ക്ക്

### ആധുനിക അറവുശാലകൾ

| ചോദ്യം<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.കെ.ശിവദാസൻ നായർ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കാൻ കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) | ഗ്രാമപഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം : വിശദമാക്കുമോ | (ബി) | എല്ലാ ഗ്രാമപഞ്ചായത്തുകളിലും ശാസ്ത്രീയമായ സംവിധാനങ്ങളോടു കൂടിയ സ്ലോട്ടർ ഹൗസുകൾ ആരംഭിക്കേണ്ടത് ശുചിത്വമായ മാംസം ലഭ്യമാക്കുന്നതിന് അനിവാര്യമാണ്. സംസ്ഥാനത്തെ ഓരോ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള ഒരു ഗ്രാമപഞ്ചായത്തിനെങ്കിലും അറവുശാല സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ധനസഹായം അനുവദിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | ശാസ്ത്രീയമായ രീതിയിലുള്ള അറവുശാലകളുടെ നിർമ്മാണത്തിനും നവീകരണത്തിനും സാങ്കേതിക സഹായവും ഉപദേശവും നൽകുന്നതിന് ശുചിത്വ മിഷനെ സർക്കാർ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. ഓരോ ഗ്രാമ പഞ്ചായത്തിലും അറവുശാല നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു സാദ്ധ്യത പഠനം നടത്തുന്നതിന് പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റുകളെ ചുമതലപ്പെടു |

| | | | |
|---|---|---|---|
| | | | ത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷത്തിൽ പുതുതായി അറവ്ശാല നിർമ്മിക്കുന്നതിന് 25 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. അറവ് ശാല നിർമ്മിക്കുന്നതിനുള്ള ധനസഹായമായി 40 ലക്ഷം രൂപ വീതം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തു കൾക്ക് നൽകുന്നതിനായി 1000 ലക്ഷം രൂപ 2015-16 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ